# പുതുവർഷ പുരുഷാർത്ഥം

[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]

## പഞ്ചാംഗത്തിൽ

പെരുവിരൽ മറിയുന്ന
താളിന്റെ താളമല്ലത്.
നിയമലംഘനം കാക്കുന്ന
പുതുകണ്ടം തുന്നുന്ന
ചിത്രവേലയല്ലത്.
മദിരയും മദിരാക്ഷിയും
നാൽക്കവലയിൽ തുള്ളുന്ന
പലഹാര വിതരണമല്ലത്.

പരമാണുവിലെ സൂക്ഷ്മതയും
പരപ്രപഞ്ച വിശാലതയും
തനിയാവർത്തനവട്ടം
ഗണിച്ചു ശയിക്കുന്ന
നടുവൃക്ഷ ശിഖരത്തിലെ
മധുരപ്ഫലമാണത്.
പിടികിട്ടാപ്പുള്ളിയെ
മാനത്തു തിരയുന്ന
അപസർപ്പകക്കഥയിലെ
അസ്ഥിര സ്ഥിരംപംക്തിയാണത്.

കണിയാനും
കേട്ടെഴുത്തു കണവനും
കണ്ടെഴുത്തുപിള്ളയും
പൊയ്പോയ തലം കാട്ടുന്ന
അതിഭൂതക്കണ്ണാടിയിൽ

വെള്ളക്കോട്ടു വെളിച്ചത്തിൽ
സസ്യമൃഗകോശക്കളത്തിലെ
ബഹുമാത്രാന്ത്യത്തിൽ
മുറിഞ്ഞു മരിക്കുന്ന
തുടർനാട്യ ദണ്ഡികയിൽ
കാലപ്പഴക്കം കൂട്ടുന്ന
മൂത്താശാരി കുട്ടന്റെ
ആത്മദാഹശ്ശമനിയാണത്!
*******************************************************